LIBRARY ARCHIVES Kerala Legislative Assembly

എം.എൻ. ലക്ഷം വീട് നവീകരണ പദ്ധതി

116 (5816) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം. എൻ. ലക്ഷം വീട് നവീകരണ പദ്ധതിയുടെ കഴിഞ്ഞ മൂന്നു വർഷത്തെ പ്രവർത്തനപുരോഗതി വ്യക്തമാക്കുമോ ;

(ബി) പദ്ധതിക്കായി കഴിഞ്ഞ മൂന്നു വർഷങ്ങളിൽ വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവ എത്രയെന്ന് വ്യക്തമാക്കുമോ ;

(സി) പദ്ധതിയുടെ തുടർ നടത്തിപ്പ് സംബന്ധിച്ച് നിലപാട് വ്യക്തമാക്കുമോ ?

ഉത്തരം

(എ) എം.എൻ. ലക്ഷം വീട് പുനർനിർമ്മാണ പദ്ധതി പ്രകാരം 2008-09 വർഷം 4103 വീടുകൾ പുനർനിർമ്മിക്കുന്നതിന് 11,58,50,000 രൂപയും 2009-10 വർഷത്തിൽ 3424 വീടുകൾ പുനർനിർമ്മിക്കുന്നതിന് 12,35,55,000 രൂപയും 2010-11 വർഷത്തിൽ ഇതുവരെ 1415 വീടുകൾ പുനർനിർമ്മിക്കുന്നതിന് 5,27,75,500 രൂപയും സർക്കാർ സബ്സിഡിയായി വിതരണം ചെയ്തിട്ടുണ്ട്. ഇതിൽ 5240 വീടുകളുടെ പണികൾ ആരംഭിക്കുകയും 2657 വീടുകൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) 2007-08-ൽ 17 കോടി രൂപയും 2008-09-ൽ 5 കോടി രൂപയും 2009-10-ൽ 15 കോടി രൂപയും 2010-11-ൽ 15 കോടി രൂപയും ബഡ്ജറ്റിലൂടെ അനുവദിച്ചിട്ടുണ്ട്. 2010-11-ൽ അനുവദിച്ച തുകയൊഴികെ ഇന്നേവരെ 37 കോടി രൂപ സർക്കാർ അനുവദിച്ചതിൽ 29,21,80,500 രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) 2010-11 വർഷത്തിൽ 13500 വീടുകളുടെ പുനർനിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കാനും 2011-12 വർഷത്തോടെ ലക്ഷം വീട് പുനർനിർമ്മാണ പദ്ധതി പൂർത്തീകരിക്കുവാനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

ലക്ഷം വീട് കോളനികൾക്ക് റോഡ്, വെള്ളം, വൈദ്യുതി എന്നിവ എത്തിച്ചു കൊടുക്കാൻ നടപടി

117 (5817) ശ്രീ. കെ. കെ. ഷാജു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ലക്ഷം വീട് കോളനികൾ നവീകരിക്കുന്നതിന് സർക്കാർ നടത്തിയ നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) ലക്ഷം വീട് കോളനികളിൽ റോഡ്, വെള്ളം, വൈദ്യുതി എന്നിവ എത്തിച്ചേരാത്ത ഏതെങ്കിലും കോളനികൾ നിലവിലുണ്ടോ ; ഉണ്ടെങ്കിൽ അവയ്ക്ക് എന്നത്തേക്ക് ഇവ എത്തിക്കുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 27-3-2008, 19-9-2008 എന്നീ തീയതികളിലെ സർക്കാർ ഉത്തരവുകൾ പ്രകാരം അത്യന്തം ശോചനീയാവസ്ഥയിലായ ലക്ഷം വീടുകൾ പുനർ നിർമ്മിക്കുന്നതിനായി സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് എം.എൻ. ലക്ഷം വീട് പുനർനിർമ്മാണ പദ്ധതി. ഈ പദ്ധതി പ്രകാരം അനുവദിക്കുന്ന സബ്സിഡി തുകയുടെ 50 ശതമാനം സർക്കാർ വിഹിതവും 50 ശതമാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതവുമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തങ്ങളുടെ വിഹിതം വകയിരുത്തുന്ന മുറയ്ക്ക് സർക്കാർ സബ്സിഡി വിഹിതം ഭവന നിർമ്മാണ ബോർഡ് മുഖാന്തിരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നല്കുന്നു. 15-2-2009-ലെ സർക്കാർ ഉത്തരവ് പ്രകാരം വർദ്ധിപ്പിച്ച സബ്സിഡി നിരക്ക് ചുവടെ ചേർക്കുന്നു :

	സബ്സിഡി തുക	സംസ്ഥാന വിഹിതം	തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതം
	(രൂപ)	(രൂപ)	(രൂപ)
പൊതു വിഭാഗം	75000	37500	37500
പട്ടികജാതി/ ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർ അംഗങ്ങളായുള്ള പൊതുവിഭാഗം കുടുംബം	100000	50000	50000
പട്ടികവർഗ്ഗം/ആശ്രയ കുടുംബം	125000	62500	62500

1-4-2009 മുതൽ കരാറിലേർപ്പെട്ട് വീടുകളുടെ പുനർനിർമ്മാണം നടത്തുന്നവർ വർദ്ധിപ്പിച്ച നിരക്കിലുള്ള സബ്സിഡിക്ക് അർഹരാണ്. ഈ പദ്ധതിപ്രകാരം ബോർഡ് 12-7-2010 വരെ 8942 ഗുണഭോക്താക്കൾക്ക് 29,21,80,500 രൂപ സബ്സിഡി അനുവദിച്ചിട്ടുണ്ട്. ഇത് കൂടാതെ മുൻ ലക്ഷം വീട് നവീകരണ പദ്ധതി പ്രകാരം സംസ്ഥാനത്ത് 2224 ഗുണഭോക്താക്കൾക്ക് 44,20,900 രൂപ സർക്കാർ സബ്സിഡിയായി വിതരണം ചെയ്തിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.